## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:225 | 05/03/2012 - ൽ മറുപടിക്ക്

## നെയ്യാറ്റിൻകര മത്സ്യമാർക്കറ്റിന്റെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ് : | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) നെയ്യാറ്റിൻകര നഗരസഭയുടെ കീഴിൽ നെയ്യാറ്റിൻകര ടി.ബി ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കേന്ദ്രം നവീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ; | (എ) ഉണ്ട്. 2009-10-ൽ നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ് നവീകരിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചു നൽകിയിരുന്നു. 2010-ൽ തന്നെ പ്രസ്തുത മാർക്കറ്റിന്റെ നവീകരണം പൂർത്തീകരിക്കുകയുണ്ടായി. |
| (ബി നിലവിൽ ഇത്തരം കേന്ദ്രങ്ങൾ നവീകരിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾ ഉണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. ബജറ്റിൽ തുക വകയിരുത്തുന്നുണ്ട്. 2011-12 വർഷം 350 ലക്ഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായവുമുണ്ട്. |

| | | |
|---|---|---|
| (സി | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ ഏതെങ്കിലും മത്സ്യമാർക്കറ്റിന്റെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ? | (സി) അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ